**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3293** **04-08-2021 - ൽ മറുപടിയ്ക്ക്**

**ബാലികയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വണ്ടിപ്പെരിയാറിൽ ആറു വയസുകാരിയെ കൊലപ്പെടുത്തിയ സംഭവത്തിൽ ബാലാവകാശ കമ്മീഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത സംഭവത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ 06/07/2021-നു സ്വമേധയാ കേസെടുത്തു 5714/06/സി1/2021 കെ.സം.ബാ.സം.ക എന്ന നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വണ്ടിപെരിയാർ സ്റ്റേഷൻ ഹൗസ് ഓഫീസർ, ഇടുക്കി ജില്ലാ പോലീസ് മേധാവി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർക്ക് റിപ്പോർട്ട് തേടിക്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സൺ, കമ്മീഷൻ അംഗം എന്നിവർ 10/07/2021 നു പെൺകുട്ടിയുടെ വീട് സന്ദർശിക്കുകയും പോലീസ്, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (പോക്സോ കോടതി) എന്നിവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ തോട്ടം മേഖലയിലെ ലയങ്ങളിൽ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ പ്രത്യേക പദ്ധതികൾ എന്തെങ്കിലും രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഇടുക്കി ജില്ലയിലെ തോട്ടം മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ കീഴിൽ ശരണബാല്യം പദ്ധതിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. ജില്ലയിലെ തൊഴിൽ വകുപ്പ്, പോലീസ്, ആരോഗ്യം പട്ടികജാതി/ പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് ടി മേഖലകളിൽ ബാലവേല, ചൂഷണം എന്നിവ പരിശോധിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി സംയുക്ത പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേന ബാലവേല, ബാലചൂഷണം എന്നിവ തടയുന്നതിനായി ജില്ലയിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) | കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ | (സി) | കോവിഡിന്റെ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾ സ്കൂളിൽ പോകാതെ വീടിനുള്ളിൽ ഇരിക്കുന്ന സാഹചര്യം കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിക്കാനുള്ള കാരണമായിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | | കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിയ്ക്കുന്നത് സംബന്ധിച്ച് ആധികാരികമായ പഠനങ്ങൾ നടന്നിട്ടില്ല. എന്നിരുന്നാലും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ സാധ്യത മുന്നിൽ കണ്ടുകൊണ്ട് വകുപ്പിന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പരിപാടികൾ നടത്തി വരുന്നു. മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികൾ വീടിനുള്ളിൽ തന്നെ കഴിയേണ്ട സാഹചര്യത്തിൽ കുട്ടികളുടെ മാനസികോല്ലാസനത്തിനായി സർഗ്ഗവസന്തം എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചുണ്ട്. കുട്ടികൾക്കായുള്ള ഓൺലൈൻ മൺസൂൺ ക്യാമ്പുകൾ, വിവിധ മത്സരങ്ങൾ, കുടുംബത്തോടൊപ്പമുള്ള പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടു മാസം നീണ്ടുനിൽക്കുന്ന വിവിധ കർമ്മ-പരിപാടികളാണ് സർഗ്ഗവസന്തത്തിൽ ഉൾപ്പെടുത്തിയത്. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി കുട്ടികൾ കൂട്ടുകാരിലേയ്ക്ക് എന്ന ലക്ഷ്യത്തിലൂന്നി 2020 ഏപ്രിൽ മാസം മുതൽ കുട്ടി ഡെസ്ക് എന്ന ഫോൺ മുഖാന്തിരമുള്ള പരിപാടിയിലൂടെ കോവിഡ് 19 - മായി ബന്ധപ്പെട്ട് കുട്ടികൾ പാലിയ്ക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് തെരെഞ്ഞെടുത്ത പരിശീലനം ലഭ്യമായ കുട്ടികളിലൂടെ മറ്റു കുട്ടികൾക്ക് നൽകി വരുന്നു. വകുപ്പിനു കീഴിലുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം പകർന്നു നൽകുന്നതിനായി SMART -1 ക്യാമ്പുകളും 356 ഓ.ആർ.സി സ്കൂളുകളിലെ കുട്ടികൾക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം ഡിജിറ്റൽ SMART - 40 ക്യാമ്പുകൾ 2021 ആഗസ്റ്റ് മാസത്തോടുകൂടി സംഘടിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശരണബാല്യം പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പോസ്റ്റർ മത്സരങ്ങളും ഓൺലൈൻ കരിയർ ഗൈഡൻസും വായനാകുറിപ്പ് മത്സരങ്ങളും കിനാക്കൂട്ടം എന്ന പ്രോഗ്രാമുകളും ബാലവകാശങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ഇനം വെബിനാറുകളും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ